**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5858** **08-07-2024 - ൽ മറുപടിയ്ക്ക്**

**തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ക്രിമിറ്റോറിയവും എഫ്.എസ്.റ്റി.പി. യും സ്ഥാപിക്കുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ക്രിമിറ്റോറിയവും എഫ്.എസ്.റ്റി.പി.യും സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിലെ മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര തെക്കേക്കര ഗ്രാമപഞ്ചായത്തിലെ ആധുനിക പൊതുശ്മശാനം എന്ന പ്രവൃത്തി ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 80 സെന്റ് സ്ഥലത്താണ് നടപ്പിലാക്കുന്നത്. ആധുനിക ശ്മശാനത്തിന്റ ബിൽഡിംഗ് ലേഔട്ട്, പ്ലാൻ എന്നിവ തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുകയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കായി പ്രാരംഭ നടപടി സ്വീകരിച്ചിട്ടുമുണ്ട്.<br><br>എന്നാൽ എഫ്.എസ്.റ്റി.പി - യുമായി ബന്ധപ്പെട്ട് 01/06/2024 – ൽ അംഗീകരിച്ച ഫൈനൽ ഡി.പി.ആർ പ്രകാരം നിലവിൽ തയ്യാറാക്കിയിരുന്ന ആധുനിക ശ്മശാനത്തിന്റെ ഫൈനൽ ബിൽഡിംഗ് ലേഔട്ടിൽ മാറ്റം വരുത്തേണ്ടതായി വന്ന സാഹചര്യത്തിൽ ടി തിരുത്തലുകൾ ഉൾകൊള്ളിച്ച് പുതിയ ബിൽഡിംഗ് ലേഔട്ട്, പ്ലാൻ എന്നിവ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. എഫ്.എസ്.റ്റി.പി - ക്കായി സംസ്ഥാന ശുചിത്വ മിഷന്റെ സാങ്കേതിക സമിതി ഡി.പി.ആർ പരിശോധിച്ച് 2.07 കോടി രൂപയുടെ സാങ്കേതിക അനുമതി 01/06/2024-ൽ ലഭ്യമായിട്ടുണ്ട്. മേൽ പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് നൽകിയിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ അവയുടെ പകർപ്പും ലഭ്യമാക്കുമോ? | (ബി) | ഇല്ല. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി എടുത്ത് വരുന്നു. |

സെക്ഷൻ ഓഫീസർ